പുതുതായി ഏറ്റെടുത്തിട്ടുള്ള റോഡുകളിലും കുഴികൾ നികത്തുന്ന പ്രവൃത്തികൾ നടത്തിവരുന്നു.

(ഡി & ഇ) ദേശീയപാതയിലും നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട എല്ലാ റോഡുകളിലും പൊതുമരാമത്ത് വകുപ്പ് പുതുതായി ഏറ്റെടുത്തിട്ടുള്ള റോഡുകളിലും ഉണ്ടായിട്ടുള്ള കുഴികൾ നികത്തുന്ന പ്രവൃത്തികൾ നടത്തിവരുന്നു.

(എഫ്) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ വരുന്ന ദേശീയപാതയിലെ കുഴികൾ നികത്തുന്നതിന് 6.50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പാതകളും പാലങ്ങളും വിഭാഗത്തിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് എൻജിനീയർമാർക്ക് 50,000 രൂപ വീതം അനുവദിച്ചിട്ടുണ്ട്.

റോഡുകളുടെ നവീകരണം

204 (4558) <u>ശ്രീമതി പി. അയിഷാ പോറ്റി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡിന്റെ പരിപാലനം ആർക്കാണെന്ന് നിശ്ചയമില്ലാത്ത എത്ര കിലോമീറ്റർ റോഡ് സംസ്ഥാനത്ത് ഗതാഗതശൂന്യമായി കിടപ്പുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡുകളുടെ നവീകരണത്തിനും അറ്റകുറ്റപ്പണികൾക്കുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡുകളുടെ പരിപാലനം സംബന്ധിച്ച് അന്തിമ തീർപ്പിനുള്ള സത്വര നടപടികൾ കൈക്കൊള്ളുമോ ?

<u>ഉത്തരം</u>

(എ - സി) പൊതുമരാമത്ത് വകുപ്പിൽ, നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 4342 കി.മീ. സംസ്ഥാന പാത, 11767 കി.മീ., പ്രധാന ജില്ലാ റോഡുകൾ, 14-8-09-ലെ ഉത്തരവ് അനുസരിച്ചുള്ള 7385 കി.മീ. റോഡുകൾ ഉൾപ്പെടെ ആകെ 23494 കി.മീ. റോഡുകളും ദേശീയ പാത വിഭാഗത്തിൽ 1524 കി.മീ. റോഡുകളും ഉണ്ട്. പ്രസ്തുത റോഡുകളുടെ പരിപാലനം, പൊതുമരാമത്ത് പദ്ധതിയേതര പ്രവൃത്തികളിൽ ഉൾപ്പെടുത്തിയാണ് ചെയ്തുവരുന്നത്. മറ്റു വകുപ്പുകളുടെ കീഴിൽ ഗതാഗതശൂന്യമായി റോഡുകൾ ഉണ്ടോയെന്നത് സംബന്ധിച്ച് വിശദാംശം പൊതുമരാമത്ത് വകുപ്പിൽ ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly